**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3992** **27-10-2021 - ൽ മറുപടിയ്ക്ക്**

**സഞ്ചരിക്കുന്ന നിത്യോപയോഗ വിൽപ്പനശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര സഞ്ചരിക്കുന്ന നിത്യോപയോഗസാധന വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ; | (എ) | 21 മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | സഞ്ചരിക്കുന്ന നിത്യോപയോഗസാധന വിൽപ്പനകേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ബി) | സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് മൊബൈൽ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. വിൽപ്പനശാലകൾക്കാവശ്യമായ കെട്ടിട സൗകര്യം ലഭ്യമല്ലാത്ത മേഖലകളിലും, പുതിയ വിൽപ്പനശാലകൾ ആരംഭിക്കുന്നത് പ്രവർത്തന നഷ്ടം ഉണ്ടാകാൻ ഇടയുള്ള വിപണന സാധ്യത കുറഞ്ഞ മേഖലകളിലും നിലവിൽ സഞ്ചരിക്കുന്ന നിത്യോപയോഗ സാധന വിൽപ്പന കേന്ദ്രങ്ങളായ മൊബൈൽ മാവേലി സ്റ്റോറുകൾ സേവനം അനുവദിച്ചുവരുന്നുണ്ട്. |
| (സി) | മണലൂർ മണ്ഡലത്തിൽ എത്ര സഞ്ചരിക്കുന്ന വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | നിലവിൽ പ്രവർത്തിക്കുന്നില്ല. ബന്ധപ്പെട്ടവർ ആവശ്യപ്പെടുന്നപക്ഷം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ